
Little KITEs
അക്ഷരമലരുകൾ
Little Kites Magazine
ST.MARY'S HIGHER SECONDERY SCHOOL

# എഡിറ്റോറിയൽ

അനേകർക്ക് വിദ്യയുടെ അതിമനോഹരമായ ജീവിത കാഴ്ചകൾ നൽകികൊണ്ട് സെന്റ് മേരീസ് ഹയർ സെക്കന്ററി വിദ്യാലയത്തിലെ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ തങ്ങളുടെ ജൈത്രയാത്ര തുടരുന്നു.

ഇതിന് പിൻഗാമികളായി പ്രവർത്തിച്ച മലരുകൾക്കും നന്ദി പറയുന്ന ഈ അവസരത്തിൽ ഈ മാഗസിൻ ജഗദീശ്വരന്റെ മുമ്പാകെ സമർപ്പിക്കുന്നു. ഐ.ടി സാങ്കേതികവിദ്യയുടെ വേരുകൾ കുട്ടികളുടെ മനസിൽ ആഴത്തിൽ പതിക്കാൻ അക്ഷരമലരുകൾ എന്ന ഈ മാകസിൻ സഹായകമാകും.

ഈ മാഗസിനെ അറിവുകൾ എന്നും ഒരു താങ്ങായി തണലായി വഴികാട്ടിയായി ഒരു ഉത്തമ സുഹൃത്തായി ജീവിത അവസാനം വരെ ഉണ്ടാവുമെന്ന് ഞങ്ങൾ ഉറപ്പ് തരുന്നു. ചരിത്രത്തിൽ ഇടം തന്ന ഈ പ്രവർത്തനങ്ങൾ മറ്റുള്ളവരുടെ ജീവിതത്തിൽ പ്രകാശമായി തീരും എന്ന് കരുതുന്നു. ഈ മാഗസിന്റെ നിർമാണപ്രക്രയയിൽ പിന്തുണ നൽകിയ ഞങ്ങളുടെ പ്രിൻസിപ്പൽ റോയി അച്ചനും, ഹെഡ് മാസ്റ്റർ കെ.ജി അലകസാറിനും കൈറ്റ് മാസ്റ്റേഴസിനും, കൈറ്റ്സിനും , എല്ലാ സുഹൃത്തുക്കൾക്കും ഈ അവസരത്തിൽ നന്ദി പറയുന്നതിനോടൊപ്പം കമ്പ്യൂട്ടറിന്റെ ലോകം ഇനിയുള്ള നിങ്ങളുടെ ജീവിതത്തിൽ ഏറെ സഹായകമാകട്ടെ എന്ന് ആശംസിക്കുന്നു .

സ്നേഹപൂർവ്വം

എഡിറ്റർ

# എഡിറ്റോറിയൽ ബോർഡ്

ചീഫ് എഡിറ്റേഴ്സ് : ശബരി ശങ്കർ,ആനന്ദ് .എ,ആദർശ് .എസ് .ജെ .

വിവേക് .എമ് . എസ്

കോ -എഡിറ്റേഴ്സ് :ആസിഷ് സന്തോഷ് , വൈശാഖ് .എ ,

ജെയ്സൻ ജയൻ

കവർ പേജ് ഡിസൈനേഴ്സ് :മീവൽ . സി .സൈമൺ ,ഫിന്നി .പി .ജെയ്മ്സ്

ടീച്ചേഴ്സ് എഡിറ്റർ :ജിജി ജി .റ്റി, ബിജി മാത്യൂ

## മലരുകൾ  വിരിയുമ്പോൾ


കമ്പ്യൂട്ടർ - ആധുനിക സാങ്കേതിക വിദ്യ....6
പാവങ്ങൾ....7
രാജകുമാരനും മുൾച്ചെടിയും....9
വേനൽ മഴ....10
കൈരളീ ദേവി....11
ക്ലാസ് മുറി....12
മുള്ളൻ ചീര....15
തീപ്പൊരി....16
നക്ഷത്രവും പൂവും....17
ഐക്യനാഥ....18
എന്തിന് പരീക്ഷയേ പേടിക്കണം....19
പ്രളയ ഭൂമി....21
ബീമുവിനെ കുടുക്കി....22
മാറ്റൊലി....23
അറിവാണ് ശക്തി....24
ഒരു സദ്യ....25
എന്റെ പക്ഷി....26
കുസൃതി മഴ....27
കേരളം....28
ദുഷ്ട്നായ മകൻ....29
മൊബൈൽ ദുരന്തം....30
വളരുന്ന വൃദ്ധസദനങ്ങൾ....31
സ്നേഹം....32
ഓണാഘോഷമായി....33
കേരളം....33
*മാപ്പുസാക്ഷി*....34
പോവല്ലേ പോവല്ലേ....35
പൊന്നോണമേ....35
ചാമ്പക്ക....36

ഗുരുഭക്തി....................................................................................................................................39
*ഇരുൾ വെളിച്ചം*...........................................................................................................................41
കൂട്ടുകാരി.....................................................................................................................................42
വിരഹം........................................................................................................................................43
എന്റെ മരം...................................................................................................................................44
മറക്കാൻ ഓർക്കുന്ന ദൈവം.......................................................................................................46
മഴയൊരു വരം...........................................................................................................................48
കുട്ടി കവിതകൾ.........................................................................................................................49
അമ്മ...........................................................................................................................................50
എന്റെ തോട്ടം..............................................................................................................................51
എല്ലു മുറിയെ പണി ചെയ്താൽ....................................................................................................53
ഒരു കുട്ടിയും ഓടക്കുഴലും...........................................................................................................54

# **കമ്പ്യൂട്ടർ** - ആധുനിക സാങ്കേതിക വിദ്യ



***കമ്പ്യൂട്ടർ*** എന്നത് ഇന്നത്തെ സമൂഹത്തിലെ മഹത്തായ സംവിധാനങ്ങളിൽ ഒന്നാണ്. വളരെ വേഗതയിലും കാര്യക്ഷമതയോടും കൂടി, നാം കൊടുക്കുന്ന വിവരങ്ങളെ കമ്പ്യൂട്ടർ കൈകാര്യം ചെയ്യുന്നു. **അബാക്കസാണ്** ലോകത്തിലെ ആദ്യത്തെ കണക്കുകൂട്ടൽ യന്ത്രം. എന്നാൽ ഇതിനെ ആദ്യത്തെ ഡിജിറ്റൽ കമ്പ്യൂട്ടറായി ശാസ്ത്രജ്ഞന്മാർ കണക്കാക്കുന്നു. ഇതിനെ തുടർന്ന്, പല രൂപത്തിലുള്ള കമ്പ്യൂട്ടറുകൾ കണ്ടുപിടിക്കുകയും ചെയ്തു. എന്നാൽ ഇന്ന് നമ്മൾ ഉപയോഗിക്കുന്ന ഡിജിറ്റൽ കമ്പ്യൂട്ടറിന് ജന്മം നൽകിയത് **ചാൾസ് ബാബേജ്** ആണ് . അതിനാൽ ഇദ്ദേഹത്തെ ആധുനിക കമ്പ്യൂട്ടറുകളുടെ പിതാവായി അറിയപ്പെടുന്നു. ഇന്നത്തെ സമൂഹത്തിൽ കമ്പ്യൂട്ടറിന് കൂടുതൽ ഉപയോഗങ്ങളുണ്ട്. തൊഴിലധിഷ്ഠിതമായ ആളുകൾ മുതൽ യുവജനങ്ങൾ വരെ പല ആവശ്യങ്ങൾക്കായി ഇത് ഉപയോഗിച്ച് വരുന്നു . കമ്പ്യൂട്ടറിന് പകരമായി ഇന്ന് ലാപ്ടോപ്പ് , ടാബ്, ഐ-ഫോൺ തുടങ്ങിയവ ഉപയോഗിക്കുന്നു.

കമ്പ്യൂട്ടറുകളുടെ പല രൂപങ്ങൾ ലോകസാങ്കേതിക വിദ്യയെ മാറ്റിമറിച്ചു .സ്കൂൾ കുട്ടികൾക്കും സമൂഹത്തിൽ വലിയ പങ്ക് നിർവ്വഹിക്കാനാകുന്നു. പഠനരീതി പുലർത്താനും സ്വകാര്യമായ ആവശ്യങ്ങൾക്കും കുട്ടികൾ കമ്പ്യൂട്ടറിന്റെ വിവിധ രൂപങ്ങൾ ഉപയോഗിക്കുന്നു. കമ്പ്യൂട്ടർ ഇന്നത്തെ ലോകത്തിന്റ മുഖച്ഛായ തന്നെ മാറ്റികൊണ്ടിരിക്കുകയാണ്. കമ്പ്യൂട്ടറുകൾ തുടങ്ങി ഇന്റർനെറ്റിന്റെ വരവോടെ കമ്പ്യൂട്ടർ രംഗത്തുണ്ടായ ഉയർച്ച വളരെ വലുതാണ് . കമ്പ്യൂട്ടർ പഠനം ഇന്ന് വ്യാപകമാവുകയാണ്. ഈ മേഖലയിലെ തൊഴിലവസരങ്ങളുടെ വൈവിധ്യം മൂലം ആകണം ഇത്തരം രീതിയിൽ പഠനം പുലർത്താൻ സാധാരണക്കാരന് താല്പര്യം.

കമ്പൂട്ടറിന് ഗുണങ്ങളും ദോഷങ്ങളുമുണ്ട്. എന്നാൽ കമ്പ്യൂട്ടർ എന്ന ഉപകരണം കാലം ചെല്ലുംതോറും ജനങ്ങളുടെ ഏറ്റവും നല്ല ഉപകാരമായി മാറികൊണ്ടിരിക്കും. അത് ദോഷമായി ഉപയോഗിക്കാതിരിക്കുക എന്നതാണ് നമ്മൾ ചെയ്യേണ്ടത്............

-നീന, ജിയ,ജോമോൾ

# പാവങ്ങൾ

പാവങ്ങൾ ഞങ്ങൾ പാവങ്ങൾ

ജീവിതാന്ത്യം വരെ ഞങ്ങൾ പാവങ്ങൾ

തെരുവിന്റെ പൈതങ്ങൾ

വിശപ്പിൻ മിത്രങ്ങൾ ഞങ്ങൾ



ചിലരുടെ കണ്ണിൽ ദയയും ചിലരുടെ കണ്ണിൽ

രോക്ഷവും ജനിപ്പിക്കുന്നീ ഞങ്ങളുടെ ജീവിതം

പ്രാതമികാവശ്യങ്ങളത്വജിച്ചെത്തുമ്പോൾ

ആട്ടിപ്പായിക്കുന്ന മാന്യരെന്ന് പേരെടുത്ത ചിലരൊക്കെ.

ആട്ടും തുപ്പും തെറിയും ചവിട്ടും ഇവയൊക്കെ

ഞങ്ങളുടെ നിത്യ സമ്മാനങ്ങൾ.

എൻ കണ്ണീരിനും നിൻ കണ്ണീരിനും നിറമില്ല.

ഞാനും മനുഷ്യൻ നീയും മനുഷൻ

വികാരങ്ങളും നിന്നിലും എന്നിലുമുണ്ട്.

മിർത്യ ജൻമം സാഫല്യമാക്കണമെങ്കിൽ

ഉയർത്തു നിൻ കരങ്ങൾ പ്രവർത്തിക്കു.

നിൻ സോദരനു വേണ്ടി.

ഞാനും നീയും  ഒരേ രാഷ്ട്രപുത്രന്മാർ

നിന്നിലും എന്നിലും ഒരേ നിയമം

രണ്ടാൾക്കും  സമത്വവും  സാഹോദര്യവുമുണ്ട്

പക്ഷെ വിധി കവച്ച്കടക്കതല്ലല്ലോ

നിൻ കരങ്ങൾ ഉയരുന്ന ദേവാലയത്തിനും

അമ്പലങ്ങൾക്കും

പൊൻകുരിശും  വിഗ്രഹങ്ങളും പണിയുവാൻ

പാവപ്പെട്ട മനുഷ്യരുടെ  വിശപ്പടക്കുവാനും

ദുഖം  ശമിപ്പിക്കുവാനും ആരുടെ കീശെന്നും കാശിറങ്ങില്ല

എൻഭവനം അഴുക്കുചാൽ , ദുർഗ്ഗന്ധം ,മലിനം എൻ കൂടെപ്പിറപ്പുകൾ-

വൃത്തിയെന്നുള്ളതാനും അസ്ഥമിക്കാത്ത സ്വപ്നങ്ങളുമായി യാത്ര

എനിക്കുവേണ്ടി രാഷ്ട്രം എന്ത് ചെയ്യുന്നു ഉത്തരമില്ലതിക്കുമിന്നും നാളെയും

കാലം കഴിഞ്ഞു  കോലം മാറി ചാകാറായി...

ചത്തു കഴിഞ്ഞു  ആരും അറിയാതെ  ജീവൻ പോയി..

അനീറ്റ ഷാജി

IX A

# രാജകുമാരനും മുൾചെടിയും

പണ്ട് ഒരു രാജാവ് ഉണ്ടായിരുന്നു. അദ്ദേഹത്തിന് ഒരു മകൻ ഉണ്ടായിരുന്നു . ആ രാജകുമാരൻ മഹാവികൃതിയും വഴക്കാളിയും വാശിക്കാരനും ആയിരുന്നു .അഞ്ചു വയസുള്ളപ്പോൾ രാജാവ് രാജകുമാരനെ ഗുരുകുലത്തിലാക്കി.

കുട്ടിക്ക് അവിടെ ഒട്ടും ഇഷ്ടപ്പെട്ടില്ല. അവൻ പഠിക്കാൻ മടികാണിച്ചു പക്ഷെ രാജാവ് അവനെ ഗുരുകുലത്തി-

ലാക്കി മടങ്ങി. ഗുരുകുലത്തിൽ ചെരുപ്പ് ഉപയോഗിക്കാൻ പാടില്ലായിരുന്നു . ഒരു ദിവസം മുറ്റത്തുകൂടി നടക്കുമ്പോൾ കാലിൽ ഒരു മുള്ളു കൊണ്ടു അവൻ വേദനയിൽ പിടഞ്ഞു പോയി. അതു കണ്ടു സഹപാഠികൾ ചിരിച്ചു.

അതോടെ കുമാരനു ദേഷ്യം വന്നു ആശ്രമമുറ്റത്തുള്ള ഒരു മുൾചെടിയുടെ മുള്ളാണ് കാലിൽ കൊണ്ടത്. രാജകുമാരൻ ഓടിപ്പോയി ഒരു വാക്കത്തിയെടുത്ത് മുൾച്ചെടി വെട്ടികളഞ്ഞു ...

പിന്നെയും ദേഷ്യം തിരാതെ മുൾചെടിയെ വേരുമാന്തി പുറത്തെടുത്തു അതിൽ ചപ്പും ചവറും വാരിയിട്ട്

അതിന് തീ കൊടുത്തു . അപ്പോഴാണ് ഗുരുനാഥന്റെ വരവ് കാര്യമെല്ലാം മനസിലാക്കിയതിനു ശേഷം

ഗുരു ചോദിച്ചു നീഎന്തിനാ അതിൽ തീയിട്ടത് ? മുൾചെടി വെട്ടിയപ്പോഴെ കാര്യം തീർന്നില്ലെ........

ഉം ഇനി ഇതിലെ മുള്ളുകൊണ്ട് ആർക്കും ഉപദ്രവം വരരുത് അതുകൊണ്ടാ തീയിട്ടു നശിപ്പിച്ചത്.

മിടുക്കൻ ....അഭിനന്ദിച്ചു പിന്നെ തുടർന്നു പറഞ്ഞു. അങ്ങനെ തന്നെവേണം

ഇതുപോലെ നിന്റെയുള്ളിലെ വികൃതികളും വേരോടെ പിഴുതു മാറ്റണം. അല്ലെങ്കിൽ നിനക്കും രാജ്യത്തിനും ഉപദ്രവം ചെയ്യും ,അതിനാണ് പിതാവ് രാജകുമാരനെ ഗുരുകുലത്തിൽ കൊണ്ടുവന്നത് എന്ന് മനസ്സിലായി . ഇതുപോലെ നാമും മടിയുള്ളവർ ആവാതെ നന്നായി പഠിച്ചു നല്ല നിലയിൽ എത്തുവാൻ നാം കഠിനമായി പ്രവർത്തിക്കണം..

മേഖാ മറിയം വർഗ്ഗീസ്

6 F



# വേനൽ മഴ

ഹൃദയ ഭിത്തിൾ

ദുർബലമാക്കി യോരഗ്നി

പർവത സഫോടനത്തിൽ

തിളച്ച മറിഞ്ഞു ലാവ

ജ്വാലകൾ  മിഴികളിൽ നിറച്ച

ചുറ്റുമുള്ളവയൊക്കെ  ചുട്ടുപൊള്ളിക്കുന്നു

മിഴികഴിൽ നിന്നുൽഭവിച്ച

കവികളിലൂടൊഴുകിയിറങ്ങി

മനസ്സനെ  തണുപ്പിക്കുന്നു

ആനന്ദ് എ

# കൈരളീ ദേവി

അമ്മിഞ്ഞപ്പാലോലും ചോരിവാ കൊണ്ട്

അമ്മയെ വിളിച്ച കുഞ്ഞേ

മറ്റൊരു മാതാവുണ്ടിയുണ്ടി മക-

ണ്ണറ്റ വാത്സല്യമോടോമനിപ്പാൻ

തൻ മടിത്തട്ടിലിരിക്കും കിടാവിനെ

കമ്രമാം ക്രന്തലിൻ കൈത്തടത്തിൻ

ചെമ്മലർ ചുണ്ടത്ത് പുഞ്ചകവിളത്ത്

ഉമ്മവെച്ചെൻ തുടർന്നു ചൊല്ലി..



സാഞ്ജോ

*5E*

# ക്ലാസ് മുറി

പതിവുപോലെ അന്നും അവൻ ക്ലാസിലെത്തി. അപ്പോഴേക്കും ക്ലാസ് തുടങ്ങിയിരുന്നു. എന്നും വൈകിയെത്തിയിരുന്ന അവനോട് പരിഹാസരൂപേണ ടീച്ചർ ചോദിച്ചു .



" ഇന്നെന്താവോ ഇത്രനേരത്തെ " ?

ക്ലാസിലാകെ കൂട്ടച്ചിരി മുഴങ്ങി. അവൻ മറുപടിയായി പുഞ്ചിരികാട്ടി.

ടീച്ചർ തുടർന്നു. വിനു ഇനിയും നീ വൈകി ക്ലാസിലെത്തിയാല് ക്ലാസിനുപുറത്ത് നിൽക്കേണം കേട്ടോ?

അവൻ സീറ്റില് പോയി ഇരുന്നു. ടീച്ചർ ക്ലാസ് തുടർന്നു.

എന്താടാ നീ ഇന്ന് താമസിച്ചത് ? കൂട്ടുകാരൻ വിനുവിനോട് ചോദിച്ചു. അവൻ കൂട്ടുകാരനെ നോക്കി പുഞ്ചിരിച്ചു. ആ പുഞ്ചിരിയില് അവൻ വേദനകളും അടങ്ങിയിരുന്നു. അവൻ ക്ലാസില് മുഴുകി.

ദിവസം കടന്നു പോയി. അവൻ ക്ലാസില് വൈകി എത്തിയിരുന്നു. കാരണം തിരക്കുന്നവരോടെല്ലാം ഒരു പുഞ്ചിരിയായിരുന്നു അവന്റെ മറുപടിയായി കാട്ടിയത്. അങ്ങനെയിരിക്കെ ഒരു ദിവസം ടീച്ചർ ക്ലാസിലേക്ക് വന്നത് ഒരു പ്രധാനപ്പെട്ട കാര്യവുമായിട്ടാണ് . ടീച്ചർ പറഞ്ഞു തുടങ്ങി. എനിക്ക് സ്കൂളിലേക്ക് സ്ഥലമാറ്റം ലഭിച്ചു. അതിനാൽ ഒരാഴ്ച്ച മാത്രമേ നിങ്ങളുടെ കൂടെ ഉള്ളൂ. അപ്പോ എല്ലാവർക്കും സന്തോഷമായിരുന്നു, എന്നാൽ അവർ അത് പുറത്തുകാണിച്ചില്ല. ഒരാഴ്ച്ച വേഗം കഴിഞ്ഞു പോയി. പുതിയ ടീച്ചർ ക്ലാസിലെത്തി. ദിനചര്യമെന്നപോലെ അന്നും വൈകി വിനു ക്ലാസിലെത്തി. ടീച്ചർ

പുഞ്ചിരിച്ച് അവനോട് ചോദിച്ചു. എന്താ മോൻ വൈകിയെ ?

അപ്പോ ഉത്തരം വന്നത് ക്ലാസിനുള്ളില് നിന്നായിരുന്നു. അവൻ എന്നും താമസിച്ചാവരുന്നത് ടീച്ചറെയാരോ വിളിച്ചു പറഞ്ഞു. ഒരു ചെറു പുഞ്ചിയോടെ ടീച്ചർ ക്ലാസിലേക്ക് കയറ്റി. ദിവസം കടന്നു പോയി.

ടീച്ചറും കുട്ടികളും അടുക്കാൻ തുടങ്ങി. ടീച്ചർ കുട്ടികളുടെ മനസില് ഒരമ്മ എന്ന സ്ഥാനം നേടിത്തുടങ്ങി. പക്ഷേ ടീച്ചർ വിനുവിന്റെ വൈകിയെത്തലിനെ കുറിച്ചാണ് ചിന്തിച്ചിരുന്നത്. പഠനത്തിലും പാട്ടിലും മിടുക്കനായിരുന്ന വിനു എന്തുകൊണ്ടാണ് വൈകിയെത്തുന്നത് എന്ന് ടീച്ചർ അന്വേക്ഷിക്കാൻ തുടങ്ങി.ഒരു ദിവസം സ്ക്കൂള് വിടാൻ നേരം ടീച്ചർ വിനുവിനെ വിളിച്ച് കാര്യം അന്വേഷിച്ചു. ആദ്യം പറയാൻ മടി കാണിച്ചെങ്കിലും ടീച്ചറുടെ സ്നേഹത്തോടെയുള്ള പ്രേരണ മൂലം അവൻ പറഞ്ഞുത്തുടങ്ങി.പിതാവ് മരിച്ചതിനെ കുറിച്ചും സുഖമില്ലതെകിടക്കുന്ന അമ്മയെക്കുറിച്ചുമെല്ലാ അവൻ പറഞ്ഞും. സുഖമില്ലാത്ത അമ്മയ്ക്ക് വേണ്ടി അവൻ ജോലിക്ക്പോകുന്നത് കൊണ്ടാണ് താൻ ക്ലാസിലെത്താൻ വൈകുന്നതെന്ന് വിനു നിറകണ്ണുകളോടെ ടീച്ചറിനോട് പറഞ്ഞു. പിന്നീടുള്ള ദിവസം ടീച്ചർ അവനെ സ്നേഹിക്കുകയും കാര്യങ്ങള് കൂടുതൽ ശ്രദ്ധപുലർത്തുകയും ചെയ്തു .ഓണാഘോഷ പരിപാടിയിൽ ഭാകമായി പാട്ടു മത്സരം നടക്കുന്നതിലേക്ക് പാട്ട് പാടാനായി ടീച്ചർ വിനുവിനെ തിരഞ്ഞെടുത്തു. ഒന്നാം സ്ഥാനം നേടുന്ന കുട്ടിക്ക് 1000 രൂപ സമ്മാനമായി ലഭിക്കും. അവനെ പാട്ടുപഠിപ്പിക്കുക എന്ന ചുമതല ടീച്ചർ ഏറ്റെടുക്കയും ചെയ്തു. അവൻ ഒന്നാം സ്ഥാനത്തിനായിപരിശ്രമിച്ച് കൊണ്ടിരുന്നു. എന്തെന്നാല് ആ രൂപ ജീവിതത്തിലെ വിലപ്പെട്ടതായിരുന്നു. അന്ന് വൈകുന്നേരം അവൻ സന്തോഷത്തോടെ വീട്ടിലെത്തുകയും ഇക്കാര്യം

അമ്മയോട് പറയുകയും ചെയ്തു. അമ്മ മകനെ ആ കാര്യത്തില് അഭിമാനിച്ചു.   ആ ദിവസം വന്നെത്തി. പ്രതീക്ഷിച്ചതു പോലെ വിനുവിന് തന്നെ ഒന്നാം സ്ഥാനം ലഭിച്ചു. അന്നത്തെ ദിവസം ജീവിതത്തിലെ പ്രധാനപ്പെട്ട ദിവസമായിരുന്നു.ടീച്ചറിനോട് നന്ദി പറഞ്ഞ് സന്തോഷത്തോടെ വീട്ടിലേക്ക് പോയി, പക്ഷേ അവിടെ കണ്ടത് മുറ്റത്ത് ആളുകടെ കൂട്ടമാണ്. അവൻ ചെന്നു നോക്കിയപ്പോൾ കണ്ടത് വെള്ള പുതച്ച് കിടന്ന ആ ശരീരത്തെ.....

*ഹിസാന. എമ് 10E*

# മുള്ളൻ ചീര



കൊട്ടയിൽ നട്ടിട്ട് കൊല്ലത്ത് വേരോടെ
അവിടെ മുളച്ചൊരു മുള്ളൻ ചീര-
പറിച്ചപ്പോൾ പാവയ്ക്ക പഴുത്തപ്പോൾ പഴുക്ക
കൊട്ടയിൽ ഇട്ടപ്പോൾ കൊട്ടത്തേങ്ങ
കൊട്ടത്തേങ്ങ തിന്നാൻ ഞനൊന്ന് ചെന്നപ്പോൾ
അവിടെ ഒരു കലം ചാമ കഞ്ഞി-
ചാമകഞ്ഞി കുടക്കാമോദം പൂണ്ടപ്പോൾ
വയറ്റിൽ തടഞ്ഞത് കട്ടുറുമ്പ്
കട്ടുറുമ്പെ തുപ്പി കൊട്ടയിലിട്ടപ്പോൾ
പൂവി തെളിഞ്ഞൊരു പൂവൻ കോഴി
പൂവൻ കോഴി ഒടി കോതാട്ട് ചെന്നപ്പോൾ
കോതാട്ടെ മുത്തിക്കു മീശ വന്നു

അൻസിൽ. ഷാജി

8|

# തീപ്പൊരി



കീറിപ്പോയ താളുകളിൽ നിന്ന്

മുറിഞ്ഞു പോയ അക്ഷരങ്ങളെ

ചേർത്തിരിക്കുമ്പോൾ

ഒരു നെടുവീർപ്പു മാത്രം ബാക്കിയാവുന്നു.

ചപ്പിലക്കൂട്ടങ്ങളിൽ തീ മഴ പെയ്യുന്നതുപോലെ

സ്വപ്നങ്ങളിലൊക്കെയും....

ആനന്ദ്. എ

9I



# നക്ഷത്രവും പൂവും

നക്ഷത്രമൊന്നിനെക്കാട്ടി- വാനം
മുക്കുറ്റിയോടു ചോദിച്ചു.
ഉണ്ടോ ഒരെണ്ണമിവ്വണ്ണം- നിന
ക്കെന്നോടു മത്സരം കൂടാൻ
താണുപോയല്ലോ ശിരസ്സ്-
ചെടിയ്ക്കീറനായല്ലോമിഴികൾ .

വൈശാഖ് .എ

IX.A



# ഐക്യനാഥ

എന്നയൽക്കാരനിൽ നിന്നു ഞാൻ ഭിന്നന_
ല്ലെന്നു നിന്നിതു വന്നുരയ്പ്പൂ.
മാനത്തു വട്ടത്തിൽപാറുമീ പക്ഷികൾ
തേനൊലിഗാനങ്ങൾ സാരമെന്തോ?
എന്നയൽ നാട്ടിൽ നിന്നെൻ നാട്ടു വേറയ-
ല്ലെന്നതു രണ്ടും കണ്ടോതിടുന്നു
തൻ തിരമാല തന്നൊച്ചയാലീയാഴി
സന്തതമെന്തോന്നു ഘോഷിക്കുന്നു?
ഭൂഖണ്ഡമൊന്നിനൊന്നന്യമല്ലെന്നതി-
താകവെ തൊട്ടറിഞ്ഞോതീടുന്നു
വ്യോമത്തിൻ നിന്നിടിദുന്ദുഭി കൊട്ടിയി-
ക്കാർമുകിലെന്തോന്നു ഗർജ്ജിക്കുന്നു?
രണ്ടല്ല നാകവുമൂഴിയുമെന്നതു
രണ്ടിനും മധ്യത്തിൽ നിന്നുരയ്പ്പൂ...

ഷെഫിൻ. എസ് 5E



# എന്തിന് പരീക്ഷയേ പേടിക്കണം

പേടിച്ചാ ഒളിക്കാൻ കാടില്ലെ എന്ന് മുത്ത്ശ്ശി മാർ പറയാറുള്ളത് വളരെ ശരിയാണ്. ഭയമില്ലാത്തവരായി ആരും ഈ ഭൂമിയിലില്ല മനുഷ്യനും മൃഗങ്ങളും എല്ലൊം കുറച്ച പേരെയൊക്കെ ഭയക്കുന്നു . എനിക്ക്ഏറ്റവും സ്നേഹിതനായ ഒരുകൂട്ടുകാരിക്ക് അധികം ഭയമുള്ളത് മനുഷ്യരിലാണ്.

മനുഷ്യന് ഒരു ഭയം തുടങ്ങി അത് വളരെ ദിവസം മനസ്സിൽ തങ്ങിനിൽക്കണം ഉദാഹരണത്തിനായി,ഒരു ചേര ഒരാളെ കൊത്താൻ വന്നു. നാട്ടുകാർ ഓടിക്കൂടി ആ ചേരയെ തല്ലി കൊന്നു പക്ഷെ ചേരയെ -

കുറിച്ചുള്ള ഓർമ്മ അയ്യാളെ,പിന്നെയും ഭയപ്പെടുത്തി

പിള്ളേർ ഇന്ന് ഏറ്റവും അധികം ഭയപ്പെടുന്നത് ഒരു പക്ഷേ പരീക്ഷയെയാകാം.

പരീക്ഷ അടുക്കുന്നത് വല്ലാത്ത ഭയവും മാനസ്സിക സമ്മർദ്ദവും യഥാർത്ഥത്തിൽ പരീക്ഷ സമയത്ത് ആണ്.

ആഹ്ലാദമാണ് ആവശ്യം എന്നാലെ പരീക്ഷ സമയത്ത് ഉന്നത വിജയം കൈവരിക്കുവാൻ കഴിയൂ.

ഭയം ഊർജ്ജത്തെ കൂട്ടുന്നു ഒപ്പം ഭൗദ്ദിക ഊർജം കുറയുക്കുന്നു .

ആത്മവിശ്യാസം സൂക്ഷിക്കണം, പ്രാർത്ഥിക്കണം പരിക്ഷക്ക് ഇടയിൽ കുറുക്കുവഴിക

തേടരുത്. ഭയം മൂലം പഠിച്ചവ പോലും മറന്നു പോകും ,മാത്രമല്ല അങ്ങനെ

നേടിയെടുക്കുന്ന വിജയം വെറും സോപ്പു കുമിളകളാണ് . അതിന് ആയുസ് കുറവാണ്. ഒരു നീണ്ട പ്രയാണത്തിനു ശേഷം ഭയമില്ലാതേ

ആത്മവിശ്വസത്തോടെ -പ്രാർത്തനയോടെനേരിടുന്ന പരീക്ഷയുടെ ഫലവും എന്നും മാധുര്യമേറിയതാവും

മന്ന ആൻ ജോയ്

6 C

# പ്രളയ ഭൂമി



*എൻ മാത്രനാടെ  കർമ്മഭൂമി*
*നിനക്കെന്തു ഭവിച്ചു ?*
*നിന്നുടെ കരൾ നോവിതാ*
*മാനവൻ തൻ അടിത്തറയിളകി*
*പ്രകൃതി നീ എന്നുമൊരു ത്യാഗിനി*
*നിൻ ശ്വാസമാം മരങ്ങളെ*
*മാനവർ വെട്ടി വീഴത്തി*
*നിൻ കാമുകിയാം നദിയെ*
*അവർ തടഞ്ഞു നിർത്തി*
*സഹിക്കില്ല ഒരിക്കലും*
*നിനക്കീ അധർമ്മങ്ങൾ*
*ഓഖി തൻ സംഹാര താണ്ഡവത്തിൽ*
*തേങ്ങിനിന്ന കടലിന്റെ മക്കൾ*
*ആട്ടിയോടിച്ചു നാം അവരെ*
*നൽകിയില്ല ഒരിറ്റ് ആശ്വാസം*
*ഏകി അവർ  നമുക്കായ്*
*അവരുടെ ജീവൻ*
*ഏകുന്നു ആത്മാവിൽ നിന്ന്*
*ഒരായിരം നന്ദി  നിങ്ങളേവർക്കും*
*പറയാനുണ്ടെനിക്കു മനുഷ്യ  നിന്നോടായി*
*പ്രകൃതിയോട് മല്ലിടല്ലേ*
*ദ്രോഹിക്കരുതെ  നിന്നമ്മയെ.*
*പ്രകൃതി തൻ ശാപം*
*അണപോട്ടിയൊഴുകും  മുമ്പേ..........*
*മാപ്പിരക്കൂ   നിൻ  പാപത്തിനായ്..........*

*സാനിയാ മറിയം സജി*
*Ix.B*

# ബീമുവിനെ കുടുക്കി

കാട്ടരുവിയുടെ തീരത്ത് ബീമു എന്നൊരു കരടിക്കുട്ടൻ ഉണ്ടായിരുന്നു. മറ്റുള്ളവരെ പേടിപ്പിക്കുകയെന്നതായിരുന്നു അവന്റെ വിനോദം. ഒരു ദിവസം ബീമു കാട്ടരുവിയുടെ അരികിലൂടെ നടന്നു പോവുകയായിരുന്നു. അപ്പോഴാണ് ചൊങ്കൻ കരടി കാട്ടരുവിയുടെ അരികിലെ ഒരു പാറയിൽ ചാരിയിരിക്കുന്നത് കണ്ടത്. കരടി ചേട്ടനെ ഒന്നു പേടിപ്പിക്കാം...ഹി...ഹി... ബീമു വിചാരിച്ചു. എന്നിട്ട് അവൻ ചൊങ്കൻ കരടിയുടെ അടുത്ത് എത്തിയിട്ട് ഒറ്റ കരച്ചിൽ ഗ്രാ...... പേടിച്ചു വിറച്ച കരടി അയ്യോ....അമ്മേ.... കരഞ്ഞ് ചാടി എഴുന്നേറ്റ് വെപ്രാളത്തിനിടയിൽ കാലു തെറ്റി അവൻ കാട്ടരുവിയിൽ വീണു. പിന്നീട് ഒരു വിധത്തിലാണ് കരടി കരയ്ക്കുകയറിയത്. ദുഷ്ടാ നീ ഇതിന് അനുഭവിക്കും എന്ന് പറഞ്ഞിട്ട് വീട്ടിലേക്ക് മടങ്ങി. ആ ദിവസം ബീമു ചതുപ്പ് വഴിയിലൂടെ നടക്കുകയായിരുന്നു. അപ്പോഴാണ് ക്രോം...ക്രോം തവളയെ കണ്ടതും അവൻ കുളക്കരിൽ എത്തിയപ്പോൾ തവള പറഞ്ഞു ചേട്ടാ...ഇങ്ങോട്ട് വാ...നീന്തിക്കളിക്കാം ബീമുവിന് അത് പിടിച്ചില്ല. ഹും എന്നെക്കളിയാക്കുന്നോടാ അവൻ ചതുപ്പിലേക്ക് ഇറങ്ങി. പക്ഷെ അവന്റെ രണ്ടു കാലുകളും ചതുപ്പിൽ കുടുങ്ങി. അയ്യോ...അമ്മേ...അവൻ മറ്റുള്ളവരെ പേടിപ്പിക്കുന്നതിനുള്ള ശിക്ഷ അവന് കിട്ടി.

ഗുണപാഠം : മറ്റുള്ളവരെ ദ്രോഹിച്ചാൽ തിരിച്ചും ശിക്ഷ കിട്ടും.

ശബരി.

ശങ്കർ

9H



# മാറ്റൊലി

തിരിച്ചു കിട്ടാത്ത

പലതുമുണ്ടെന്നോർമ്മിക്കാൻ

നിന്റെ സായാഹ്നം

പൂർണ്ണ സ്വതന്ത്ര്യത്തോടെ

എന്നെ എപ്പോഴും

വേദനിപ്പിച്ചുക്കൊണ്ടിരിക്കുന്നു.

ആനന്ദ്.എ

9I

# അറിവാണ് ശക്തി

ശാരീരിക ശക്തിയെക്കാളും അറിവിനാനണ് കൂടുതൽ ശക്തി. ബുദ്ധിശാലികളായ വ്യക്തികളുടെ അറിവ്ഉപയോഗിച്ചാണ് ഒരു രാജ്യം ഭരിക്കുന്നത്. അജ്ഞാനികളായ ആയിരമായിരം ജനങ്ങളെ അറിവുള്ള ഒരു വ്യക്തിയാൽ നിയന്ത്രിക്കാൻ കഴിയും. ശാരീരിക ശക്തിയില്ലെങ്കിൽ പോലും അറിവുള്ള ഒരു വ്യക്തിയ്ക്ക് ഏത് രംഗത്തും വിജയിക്കാൻ കഴിയും. ശാരീരിക ശക്തി എന്നത് വിജയത്തിന്റെ ഒരു ഭാഗംമാത്രമാണ്. എന്നാൽ ബുദ്ധിവൈദഗ്യം വിജയത്തിന്റെ അടിവേരാണെന്ന് പറയാം. ബുദ്ധിവൈദഗ്ധ്യമില്ലാത്ത ഒരു വ്യക്തിക്ക് ശാരീരിക ശക്തി എത്ര തന്നെ ഉണ്ടെങ്കിലും ഏതൊരു മേഖലയിലും പരാജയം സംഭവിക്കുന്നു. അറിവാണ് ശക്തിമത്തായത് എന്ന് നമുക്ക് പറയാം...

മനീഷ.ഒ

5G

# ഒരു സദ്യ



കുറിയരി വെയ്യും വെളുത്തൊരു ചോറും

കറികളുമാശു വിളമ്പി നിരന്നു

നറുനെയ് ശർക്കര നേന്ത്രപ്പഴവും

ചെറുപപ്പടമൊരു പത്തിരുന്നൂറും

ആനച്ചുവടൻ പപ്പടമൊരുവക

തേനും നല്ല പഞ്ചാരപ്പൊടി

ചേനക്കറി ചില പച്ചടി കിച്ചടി

പാനകമൊരുവകനാരങ്ങാക്കറി

മാങ്ങാ പച്ചടി ഇഞ്ചി പച്ചടി

ചേന വറുത്തതും പയറു വറുത്തതും

ചക്ക പ്രഥമനട പ്രഥമൻ വിധ-

മൊക്കെപ്പറയാൻ നേരം പോരാ.

പാലും തൈരും മോരും പലവക

കോലാഹലതരമെന്തൊരു ചെയ്യാം.....

ആദർശ് . എസ്. ജെ

7



# എന്റെ പക്ഷി

എന്നും രാവിലെ മുറ്റത്തെ മാവിൻകൊമ്പിൽ

എന്തിനാണ് നീ വരുന്നത്?

എന്തു മധുരമാണ് നിന്റെ പാട്ട്!

കുറേ നേരമായി പാടുന്നു !

എന്തിനാണ് പാടുമ്പോൾ

ഇങ്ങനെ വാലിട്ടിളക്കുന്നത്?

നിനക്കാരാണ് വണ്ണാത്തിപ്പുള്ള്

എന്ന് പേരിട്ടത്? എപ്പോഴും

ഇങ്ങനെ വൃത്തിയായി

നടക്കുന്നതു കൊണ്ടാണോ ?

ആദർശ് എസ് ജെ

IX.I



# കുസൃതി മഴ

*തുള്ളിക്കളക്കുന്ന  കുഞ്ഞാട്ട പോലെ*

*ഒരു തുള്ളിക്കൊരു കുടമെന്ന പോലെ*

*മണ്ണിന് വെൺമുത്ത് വാരിവിതറി*

*അഹാ വരവായ് പുതുവർഷോതയം*

*കുഞ്ഞുകിടാങ്ങൾ കളിമഴയെ*

*ആമോദത്തോടെ വരവേൽക്കനായ്*

*കുളിരല തീർത്തു ഭൂമി പെണ്ണിന്*

*തകൃതിയിൽ പെയ്തൊരു കുസൃതിമഴ*

***BY:MEGHA MARIYAM VARGHESE***

*CLASS:VI.F*

# കേരളം

മാമലകളുപ്പുറത്ത് പച്ച വിരിച്ച് നിൽക്കും എന്റെ നാട്.

കേരളനാട് കേളികൊട്ടുണരുന്ന നാട്

ദൈവത്തിന്റെ നാടാണ് കേരളം

വീരൻമാരുടെ നാടാണ് എൻ നാട്.

കലകൾ കലങ്ങിയ കാറ്റ് വീഴുന്ന നാട്

കലകളുടെ വീടാണ് എൻ കേരളം.




വീരസിംഹത്തിന്റെ നാട് എൻ

കേരള ഗന്ധിയുടെ നാട്.

എൻ മാതൃ ഭാഷ മലയാളം

എൻ മാതൃദേശം കേരളം.

കേരകളുടെ വീടാണെൻകേരളം.

മഴവാൽ ഉുത്ഭവിച്ച

എൻ കേരളം.

ഹരിത ചാമരം ഹരിചന്ദനം

തൊടുന്ന മലയശീതള

നാടാണെൻ കേരളം.

കൊച്ചുണ്ണിയുടെ നാടാണ്

കേരളം.സ്നേഹത്തിന്റെ

**നാടാണ് കേരളം**

# ദുഷ്ട്നായ മകൻ

***ഒരിടത്ത് ഒരു അമ്മയും മകനും ഉണ്ടായിരുന്നു അമ്മയുടെ പേര് ഗംഗ എന്നായിരുന്നു.കുട്ടിയുടെ പേര് കമൻ എന്നും ആയിരുന്നു. അവന്റെ അച്ഛൻ അവന്റെ ചെറുപ്പത്തിൽ തന്നെ മരിച്ചു പോയിരുന്നു. അവന്റെ അമ്മ ഒരുപാട് കഷ്ട്പ്പെട്ടാണ് അവനെ വളർത്തിയതും പഠിപ്പിച്ചതും .അങ്ങനെ അവൻ പഠിച്ചു പഠിച്ചു വലിയ നിലയിലായി ,അങ്ങനെ അവൻ വിവാഹം ഓക്കെ കഴിച്ച് നല്ല സന്തോഷത്തോടെ അമ്മയ്ക്കൊപ്പം കഴിയുമെന്നു കരുതി അമ്മയ്ക്ക് വളരെ സന്തോഷമായി പക്ഷേ നേരെ തിരിച്ചാണ് സംഭവിച്ചത്. കഷ്ടപ്പെട്ട് വളർത്തിയ അമ്മ അവർക്ക് ഒരു ഭാരമയിത്തോന്നിത്തുടങ്ങി.***



***അവരുടെ കുറ്റപ്പെടുത്തലുകളും ശകാരങ്ങളും കേട്ട് മനസ്സ് തകർന്ന അമ്മ വീട്***

***വിട്ട് പോകേണ്ടി വന്നു.എങ്ങനെ കഷ്ട്പ്പെട്ടിട്ടാണെങ്കിലും നമ്മളുടെ ജീവനേക്കാൾ കൂടുതൽ സ്ന്ഹിച്ചും ലാളിച്ചും വളർത്തുന്ന നമ്മുടെ മാതാപിതാക്കൾക്ക് നമ്മൾ എന്നും തുണയായിരിക്കണം***

***BY: MEGHA MARIYAM VARGHESE***

***CLASS:6.F***

# മൊബൈൽ ദുരന്തം

ഞാൻ പറയുന്നത് കായംകുളം റെയിൽവേ സ്റ്റേഷനിൽ നടന്ന ഒരു കാര്യമാണ്. ഒരു ദിവസം ഏകദേശം 27 വയസുള്ള ഒരാൾക്ക് ജോലി ലഭിച്ചു. അതറിഞ്ഞ് വീട്ടിൽ നിന്ന് ഇവിടെയ്ക്ക് വരാൻ ദൂരമുള്ളതിനാൽ ബന്ധുവിന്റെ വീട്ടിൽ നിന്നാണ് ജോലിയ്ക്ക് പോകുന്നത്. എന്നാൽ



അന്ന വൈകിട്ട് ജോലികഴിഞ്ഞ് വന്നപ്പോൾ അച്ഛന്റെക്കൂടെ മൊബൈൽ സംസാരിച്ചു കൊണ്ടാണ് വന്നത്. ആ സമയം തീവണ്ടി പാളം മാറികിടക്കുകയാണ് ആ സമയം മൊബൈലിൽ നിന്നുള്ള ശബ്ദം കാരണം തീവണ്ടിയുടെ ശബ്ദം കേട്ടില്ല ,അദ്ദേഹത്തെ തീവണ്ടി ഇടിച്ചു ഈ കാര്യം ആദ്യം അറിഞ്ഞത് അവരുടെ വീട്ടുകാരാണ്. മൊബൈൽ കാരണമുണ്ടാകുന്ന ദുരന്തങ്ങളിൽ ഒന്നാണിത്.

മൊബൈൽ ആവശ്യത്തിന് ഉപയോഗിക്കുക.

അഭിഷേക് ജയകുമാർ

6.G

# വളരുന്ന വൃദ്ധസദനങ്ങൾ



സമകാലീന കേരളത്തിൽ ഉയർന്നു കൊണ്ടിരിക്കുന്ന  വൃദ്ധസദനങ്ങളുടെ പുരോഗതി , നിങ്ങളുടെ ശ്രദ്ധയിൽ പെടുന്നുണ്ടോ. ആരാണ് അതിന്റെ ഉത്തരവാദികൾ?

കുഞ്ഞ് ശൈശവത്തിൽ മൊഴിയുന്ന അജ്ഞാതഭാഷ മനസിലാക്കി കുഞ്ഞിന് ഉത്തരമേകുന്ന അമ്മ പിന്നടെപ്പോഴാ ഒന്നും മനസിലാക്കുന്നു.

തെറ്റിൽ നിന്നും ശരിയുടെ വീഥികളിലേക്ക് കൈപ്പിടിച്ച്  കരുതലോടെ നടത്തിയ അച്ഛൻ കാലം കഴിയുമ്പോൾ അധികപ്പെറ്റായ് മാറുന്നു .  ഇത്തരം ധാരണയുടെ  അവസാന വാക്കായ് വൃദ്ധസതനങ്ങളുടെ  വാതിലുകൾ മാതാപിതാക്കൾക്ക് തുറക്കുന്നു

വിവേക് എം എസ്

# സ്നേഹം



*നിന്റെ സ്നേഹം*

*കൊതിച്ച ഞാൻ വർഷങ്ങളായ്*

*ഒന്നു മിണ്ടാതെ*

*എന്നിൽ നിന്നും നീ അകന്നു പോയതെന്തെ!*

*ദിനങ്ങളായ കാലങ്ങളായ് വർഷങ്ങളായ്*

*നിന്റെ സ്നേഹം കൊതിച്ച ഞാൻ*

*ഒരു വാക്കു ഞാൻ കൊതിച്ച ഞാൻ*

*എന്നിൽ നിന്നും നീ അകന്നു പോയതെന്തെ!*

*പറവക്കളെ പോലെ*

*കടലിലെതിരമാലക്കൾ പോലെ*

*എന്നിൽ നിന്നും നീ അകന്നു പോയതെന്തെ!*

*ഇപ്പോഴും ഇതാ*

*നിനക്കായ് ഞാൻ കാത്തിരിക്കുന്നു*

*ഒരു വാക്കുപോലും........ കൊതിച്ച ഞാൻ......!*

*ശബരി ശങ്കർ*

*IX.H*

# ഓണാഘോഷമായി

## കേരളം



*കേരളത്തിൽ  മനുഷ്യരും പ്രകൃതിയും ഒന്നു ചേർന്നാണ് ഓണത്തിനെവരവേൽക്കുന്നത്. കേരളത്തിന്റെ  ദേശീയ ഉത്സവമാണ് ഓണം. ഓണത്തിൽ കർഷകർക്ക് ഒരു പങ്കുണ്ട്. അവർ കൃഷിചെയ്ത് വസ്തുക്കൾ കൊണ്ടാണ് ഓണത്തിനെവരവേൽക്കുന്നത്. ം ഇപ്പോൾ ഓണം മലയാളികശ്ക്ക് വെറുമൊരു ആഘോഷമായി തീർന്നു. ഓണത്തിന്റെ മഹിമയും ഭംഗിയും നഷ്ടമായി. ഉപ്പുമുതൽ കർപ്പൂരം വരെ എല്ലാം കടയിൽ നിന്നാണ് വാങ്ങുന്നത്.  കച്ചവടത്തിൽ വില കൂട്ടാൻ മാത്രം .  ഓണത്തിനുള്ള എല്ലാ സാധനങ്ങളും കടയിൽ നിന്നാണ് വാങ്ങുന്നത്.*

*പൂക്കൾ വാങ്ങുന്നത് അന്യ സംസ്ഥാനങ്ങളിൽ നിന്നുമാണ്.*

*രണ്ട് ദിവസം മാത്രമേ എല്ലാവരും  ഓണം ആഘോഷിക്കുന്നത്.*

*ഇനിയെങ്കിലും നല്ല ഒരു ഓണക്കാലമായിരിക്കട്ടെ  എന്ന് ആശംസിക്കുന്നു.*

**അഭിഷേക് ജയകുമാർ**

**VI C**

# മാപ്പുസാക്ഷി

ഓരോർത്തരും ക്രൂരമാം സൗഹൃദം
ശ്വാസനാളം കീറുമന്തവേഗങ്ങളിൽ
കുമ്പസാരത്തിന്റെ  ബോധഷയങ്ങളിൽ
നിന്റെ നക്ഷത്രമുതിക്കുന്ന വിന്നെയും
ഞാനറിയുന്നു
തുഗുങ്കു ഭേതിച്ചു  നിൻ സ്നേഹപ്രവാഹം
സമുദ്രശീതമായി മാറുന്നതും വന്ധ്യകാരങ്ങളിൽ
ബാലചന്ദ്രൻ ചുള്ളിക്കാട്
തണൽ വീശുന്ന ബാലിഷ്ടമാം ചില്ലകൾ
തോറും കൊടുങ്കാറ്റ് കൂട് വെയ്ക്കുന്നതും
നിനക്കറിയില്ലെന്റെ ജാതകം ആത്മഹത്യക്ക്
കൊലയ്ക്ക്വിട്ടോർത്ത ദാനം പോലെ പറയുന്ന

ജീവിതം.
ആശ്വാസമറ്റ മഹാസൗഹൃദത്തിന്റെ വേശ്വാലയത്തിലിനിത്യ സന്ദർശകൻ



ബാലചന്ദ്രൻ ചുള്ളിക്കാട്

# പോവല്ലേ പോവല്ലേ

# പൊന്നോണമേ



അത്തമടുത്തു പോയ്, ബോലകന്മാ
രത്തലെന്നുള്ള തറിയാതായി;
മെത്തിന കൗതുകാൽ കുട്ടരിമാ
യെത്തുന്ന പൂങ്കാവിൽ പൂവിറുക്കാൻ;
ഓമന കുഞ്ഞുങ്ങളൊന്നുകൂടി
ഓണപ്പാട്ടോരോന്നു പാടിപ്പാടി
ഉുമലർ തേടി നടക്കുന്നേരം
കോൾമയിൽ ഭ്രവിനം   കൊള്ളും  പാരം
ചിറ്റാട , ചേമന്തി ചെങ്കുറിഞ്ഞി
ചെത്തി നൽച്ചെട്ടിച്ചി ചെമ്പരത്തി
മന്ദാരം മാലതി മുക്കുറ്റിയും
ബന്ധുരമായ പവിഴമല്ലി
തുമ്പ തുടങ്ങിയ  പൂക്കളില്ല-
ക്കുമ്പിളിലാവോളം ശേഖരിച്ച്
കുട്ടിക്കിടാങ്ങൾ കുളിച്ചുവന്ന്
മുറ്റത്തു പൂവിട്ടു വെള്ളം ചുറ്റി
നീളത്തിൽ  കുകുമ്പോളാർക്കു കണ്ട
നാളം തനിയേ തുറക്കുകില്ലാ

ആദർശ് എസ് ജെ

IX I



**ചാമ്പക്ക**

ഒരിടത്ത് ഒരിടത്ത് ഒരു അപ്പൂപ്പനും അമ്മൂമ്മയും ഉണ്ടായിരുന്നു

അവരുടെ വീടിനു മുന്നിൽ ഒരു ചാമ്പമരം ഉണ്ടായിരുന്നു

അതിൽ നിറയെ ചാമ്പക്ക ഉണ്ടായിരുന്നു. ചാമ്പമരം മുഴുവൻ

പഴുത്തുകിടക്കുന്നതു കാണാൻ നല്ല രസമായിരുന്നു

അങ്ങനെ ഇരിക്കെ ഒരു ദിവസം അവർ തമ്മിൽ പരസ്പരം

പറഞ്ഞു എന്തുരസമാണ് ചാമ്പക്ക പഴുത്തു കിടക്കുന്നതു കാണുവാൻ.

ഇതു നമുക്ക് ആർക്കും കൊടുക്കേണ്ട അടുത്ത വീട്ടിലെ കുട്ടികൾ

വരുമ്പോൾ നമുക്ക് അവരെ ഓടിക്കാം .അമ്മൂമ്മ  സമ്മതിച്ചു

ഇതാർക്കും കൊടുക്കേണ്ട  , നമുക്കും കഴിക്കേണ്ട  ഇത് എന്നു കണ്ടുകൊണ്ടിരിക്കാം. അപ്പൂപ്പനും  അമ്മൂമ്മയും ചാമ്പക്ക്  കാവലിരിക്കുകയായിരുന്നു  അവർ ചാമ്പക്ക പറിക്കാൻ വന്ന കുട്ടികളെയെല്ലാം ഓടിച്ചു . അങ്ങനിരിക്കുന്ന സമയത്താണ് അവരുടെ ചാമ്പക്ക ആരോ പറിക്കുന്നതായി അവർക്കു മനസിലായി  അവർ ആളെക്കണ്ടുപിടിക്കാൻതീരുമാനിച്ചു അത് ഒരു മരപ്പട്ടിയാണെന്ന് അവർക്ക് മനസിലായി അമ്മുമ്മയും അപ്പൂപ്പനും അതിനെ എങ്ങനെ പിടിക്കാം  എന്നു തലപുകഞ്ഞ് ആലോചിച്ചു എങ്ങനെയൊ അമ്മുമ്മയക്ക് ഒരു ബുദ്ദി തോന്നി  അമ്മുമ്മ പറഞ്ഞു രാത്രി ആകുമ്പോൾ അപ്പൂപ്പൻ  മരത്തിനു മുകളിൽ ഇരിക്കണം  മരപ്പട്ടി വരുമ്പോൾ അതിനെ കുലുക്കി താഴെയിടണം  ഞാൻ ഒരു വടിയും പിടിച്ചു കൊണ്ടു താഴെയിരിക്കാം ,അത് താഴെ വീഴുമ്പോൾ ഞാൻ അതിനെ അടിച്ചുകൊല്ലാം അങ്ങനെ രാത്രിയായി .  അപ്പൂപ്പൻ മരത്തിനു മുകളിലും   അമ്മുമ്മ വടിയും പിടിച്ചുകൊണ്ടു താഴെയിരുന്നു  അപ്പൂപ്പൻ മരത്തിനു മുകളിൽ ഇരുന്നു അറിയാതെ ഉറങ്ങിപ്പോയി  കുറച്ചു സമയം കഴിഞ്ഞ് അപ്പൂപ്പൻതാഴെവീണു അമ്മുമ്മ കരുതി   മരപ്പട്ടിയാണെന്നു  അമ്മുമ്മ അടിയോടി..........

അപ്പൂപ്പൻ വേദനകൊണ്ട് ഉച്ചത്തിൽ നിലവിളിച്ചു  അമ്മുമ്മ അടിനിർത്തി പുതപ്പുമാറ്റി നോക്കി ,അതു മരപ്പട്ടി അല്ലായിരുന്നു അപ്പൂപ്പനായിരുന്നു അദ്ദേഹം അവശനായിരുന്നു  അമ്മുമ്മയ്ക്ക്  വിഷമമായി  പിന്നേടവർ എല്ലാവർക്കും

*ചാമ്പക്ക കൊടുക്കാൻ തുടങ്ങി  കുട്ടികൾക്കു സന്തോഷമായതു കണ്ടു അവർക്കും സന്തോഷമായി*

**SABARI SANKER**

**IX**



# ഗുരുഭക്തി

'ഗു ' എന്ന അക്ഷരത്തിന് ഇരുട്ട് എന്നൊരു അർഥം കൊടുക്കാറുണ്ട്. '**രു** ' വിന് ഇല്ലാതാക്കുവാൻ എന്നാണ് അർഥം .അതായത് ഇരുട്ടിനെ ഇല്ലാതെയാക്കി അറിവിന്റെ വെളിച്ചം ലോകത്തിന് പ്രദാനം ചെയ്യുന്നവനാണ് യഥാർഥ ഗുരു .

ഗുരുവിനെ നാം എങ്ങനെ കാണണം? മാതാ,പിതാ,ഗുരു,ദൈവം എന്നാണ് പ്രമാണം. മാതാവിനും പിതാവിനും ഒപ്പം ഗുരുവിനും ദൈവതുല്യമായ സ്ഥാനം നൽകണം.ഗുരുവിനെയും ഈശ്വരനെയും ഒന്നിച്ച കാണാൻ ആദ്യം ഗുരുവിനെ വണങ്ങണമെന്നാണ് ആചാര്യമതം കാരണം ഗുരുവാണ് ഈശ്വരനെ കാട്ടിതരുന്നത്.

നാം നമ്മുടെ അധ്യാപകരെ ബഹുമാനിക്കാൻ കടപ്പെട്ടിരിക്കുന്നു. നന്നായി പഠിക്കുക, അധ്യാപകരെ കാണുമ്പോൾ ആത്മാർഥതയോടെ അഭിവാദ്യം ചെയ്യുക. സ്കൂൾ നിയമങ്ങൾ അനുസരിക്കുക. ഇങ്ങനെ നന്മയിൽ മുന്നേറുമ്പോൾ നാം യഥാർഥ ഗുരുഭക്തിയുള്ളവരായി മാറുന്നു. നാം ഒരിക്കലും അധ്യാപകരെ നിന്ദിക്കരുത്.

*ഗുരുവായ പരശുരാമന്റെ ശാപം പേറി പഠിച്ചതെല്ലാം മറന്ന് യുദ്ധഭൂമിയിൽ അമ്പരന്നു നിൽക്കുന്ന കർണന്റെ ചിത്രം നാം ഓർമയിൽ വയ്ക്കേണ്ടതാണ്.*

*ഗുരുവിന്റെ അനുഗ്രഹം, ഗുരുത്വം. അത് വിലയേറിയതാണ്. ഗുരുവിന്റെ സ്നേഹവും സഹായവുംനേടുന്നിടത്ത്നമ്മുടെ വളർച്ച ആരംഭിക്കുന്നു.*

*ചിന്ത: "നീ എത്ര ഉന്നതനാണോ അത്രയും വിനീതനാവുക"*

*-വിശുദ്ധ ബൈബിൾ*

*ജോഷ്, മീവൽ& ശബരി*

*9 G,F,&H*

# ഇരുൾ വെളിച്ചം

*പാറിപ്പറക്കുന്ന പെൺകൊടിതൻ സ്വപ്നങ്ങളെ*
*താഴിട്ടു പൂട്ടി ഇന്നീ സമൂഹം.*
*വേദനയാലും , ദുഃഖത്താലും*
*ഇടറിപ്പോയ മനസ്സുകൾ*
*ദുഃഖത്തിന്റെ നിന്ദാപാത്രമാകുന്നു .*

*വിരഹ ദുഃഖത്താൽ വേറിട്ടു പോയ മനസ്സുകൾ*
*ഒന്നായി തീരും ഒരുദിനം .*
*കാണാക്കിനാവുകൾ കണ്ടു*
*നീ മയങ്ങി*
*എന്നെന്നും ജീവിക്കുകെൻ സഖീ........*

*പ്രകാശം ചൊരിയുന്ന സൂര്യൻ ,*
*നിലാവു പൊഴിക്കുന്ന ചന്ദ്രൻ ,*
*ഒന്നായി നിൽക്കും*
*ഓരോ ദിനങ്ങളിലും*
*പകലായി , രാത്രിയായി......*

# കൂട്ടുകാരി

*മഞ്ഞായി കുളിർന്നയെൻ സ്വപ്നങ്ങളിൽ*

സ്നേഹ വസന്തമായി വന്നവളെ...
ആദ്യമായി നാം തമ്മിൽ കണ്ട നിമിഷങ്ങ-
ളെന്നുമെൻ ഓർമ്മയിൽ തേനൊഴുകും.
നീയെന്നോടാദ്യം മൊഴിഞ്ഞവാക്കാൽ
ഞാനൊരു മണിമഞ്ജ്ജം തീർത്തുവല്ലോ...
നീയെന്നോടാദ്യം പിണങ്ങിയനാൾ
കണ്ണിൽ അശ്രു പൊഴിഞ്ഞുവല്ലോ..
ആ ചെറുവേദന നീയറിഞ്ഞു
ഒടുവിൽ വിധി നമ്മെ തട്ടിമാറ്റി...
നീയൊരു ദിക്കിലും ഞനൊരു ദിക്കിലും
മാറി മറഞ്ഞു പോകേണ്ടിവന്നു..
നീയെന്നിലും ഞാൻ നിന്നിലും
സ്നേഹമായുള്ളിലുണ്ട്.........

ബിന്ദുജ...
9H

# വിരഹം

ആദ്യമായി നീ പറഞ്ഞ വാക്കുകൾ
ഇന്നുമെൻ മനസ്സിൽ അലയടിക്കുന്നു...
ഞാൻ കേൾക്കാൻ കൊതിച്ച വാക്കുകൾ
നീ പറഞ്ഞപ്പോൾ.....
എന്ത് പറയണമെന്നറിയാതെ മൗനമായി
നിന്നു പോയി ഞാൻ...
മറുപടിക്കായി വീണ്ടു നീ എന്നിലെത്തി..
അന്നു നീ തന്ന ആ തുണ്ടുപേപ്പറിൽ
ഞാനെൻ സ്നേഹം കുറിച്ചിട്ടു..
ജനലഴികളിലൂടെ നാം നെയ്തെടുത്ത സ്വപ്നങ്ങൾ
ഇന്നും ഞാൻ ഓർക്കുന്നു...
എന്നിട്ടും നീ എന്തേ പെട്ടെന്നൊരുനാൾ
എന്നിൽ നിന്നും അകന്നുപോയത്...
എന്റെ കണ്ണുനീർ നീ അറിയുന്നില്ലേ...
അതോ അറിയുന്നില്ലെന്ന് നടിക്കുന്നുവോ...
ഇന്നും ആ വിരഹത്തിൽ ഞാൻ പൂണ്ടുനിൽക്കുന്നു,
നീ വരുമെന്ന പ്രതീക്ഷയിൽ.....

ആഷിന..
9H

# എന്റെ മരം



പാഠം പഠിക്കുവാൻ ചൊല്ലിയൊരമ്മ
കാണാതെ ഞാനീ തൊടിയിലെത്തി
എരിയുന്ന വേനലിൽ തണലായി നിൽക്കുന്ന
മാവിൻ ചുവട്ടിലായി അച്ഛൻ നിൽപ്പൂ
വിയർപ്പിന്റെ തുള്ളികൾ തുവർത്താൻ തുടങ്ങുന്ന
അച്ഛനെ ഞാനൊന്ന് ഒളിഞ്ഞു നോക്കി
എങ്ങനെയാണെന്ന് അറിഞ്ഞിതില്ലെൻ നോട്ടം
അച്ഛന്റെ കണ്ണിലും ചെന്നു പെട്ടു

അരികിലായി എന്നെ വിളിച്ചിരുത്തി അച്ഛൻ
കവിളിലായൊന്നു മുഖമമർത്തി
മാമ്പഴമൊന്നെടുത്തു തന്നു പിന്നെ
കള്ളച്ചിരിയാൽ തിരിഞ്ഞു നോക്കി
മുത്തശ്ശൻ നട്ടൊരു മാവാണിത് മോനേ
അച്ഛന്റെ മോനും ഉപകരിക്കും

ഒന്നുമേ വാങ്ങാതെ നൽകാനൊരി സ്നേഹം
മണ്ണിൽ മരത്തിനു മാത്രമല്ലേ!
തണലും ഫലവും പ്രാണന്റെ പ്രാണനും

നൽകുന്നൊത്തിരി സഖിയാണ് സർവ്വം മരമെന്ന് ചൊല്ലുമ്പോൾ ആ വാക്ക്

*നിന്നുടെ ഹൃദയത്തിൽ നിന്നു വരുമ്ലണ്ണി*

*ശബരി. 9H*



# മറക്കാൻ ഓർക്കുന്ന ദൈവം

നാം മറ്റു മനുഷ്യരോട് ഇടപെടുന്നതിൽ നിന്നു വ്യത്യസ്ഥ മായിട്ടാണ് ദൈവം നമ്മോട് ഇടപ്പെടുന്നതെന്നു ചിന്തിക്കുവാൻ പാപം മൂലം അധപതിച്ച പ്രക്രതിയുടെ ഉടമയായ മനുഷ്യനു ചിലപ്പോൾ പ്രയാസമായി തോന്നായേക്കാം നമ്മുടെ അനുഭവത്തിൽ ക്ഷമിക്കുകയും ഒരു കാര്യം മറക്കുകയും ഒരുമിച്ചു പോകുകയും അസാദ്ധ്യമായിട്ടാണിരിക്കുന്നത്.നമ്മോട് ആരെങ്കിലും ചെയതിട്ടുള്ള അന്യായം ക്ഷെമിക്കുന്നത് ഒരു കാര്യം. എന്നാൽ മനസിൽ നിന്ന് അതിന്റെ ഓർമ മായിച്ചു കളയുന്നത് തികച്ചു വ്യത്യസതമായ ഒരു കാര്യ മത്രം.

കെൽറ്റ് വർഗക്കാരുടെ ഇടയിൽ പ്രാചാരമുള്ള ഒരു കത ഇങ്ങനെയാണ് ഒരിക്കൽഭക്ത-നായ ഒരു മനുഷ്യനോട് അയ്യാൾക്ക് സ്യർഗീയ പട്ടണത്തിലേക്ക് യാത്രയാവാൻ അവന് സമയമായി എന്നു പറയുവാൻ ഒരു ദൈവദൂതൻ നിയോഗിക്കപ്പെട്ടു ആ ആദൂതനെയും അവൻ കൊണ്ടു വന്ന സന്തോഷത്തോടെ സ്വകരിച്ചു.നിശ്ചിത സമയത്ത്അവർ ഒരുമിച്ച് പുറപ്പെട്ടു ബാഹ്യലോകത്തിന്റെ അറുതികൾക്ക് അപ്പുറമുള്ള പ്രകാശമായ വഴിയിൽക്കൂടെ അവർ മുന്നേറുമ്പോൾ ആ ഭക്തന് പെട്ടന്ന് തന്റെ പാപങ്ങളെ കുറിച്ചു മനസ്സിൽ പ്രയാസം തോന്നി വഴികാട്ടിയായ ദൈവ ദൂതനോട് അയ്യാൾ ചോദിച്ചു എന്റെ പാപങ്ങൾ താങ്കൾ എവിടെയാണ് കുഴിച്ചു മൂടിയത്എന്ന മാത്രമെ എനിക്കറിയാവു ദൂതൻപറഞ്ഞു എവിടെയാണെന്നു ഞാൻ ഓർക്കുന്നില്ല ദൂതൻ തുടർന്നു. ഇത്രയും കൂടെ പറഞ്ഞു നമ്മുടെ പിതാവ് ആണെങ്കിൽ

നിങ്ങൾ  പാപം  ചെയ്തു എന്നുള്ള കാര്യം തന്നെ മറന്നു പോയിരിക്കുന്നു സ്വർഗീയ പാപ-ക്ഷേമമെന്നത് എത്ര അത്ഭുതകരമായ കാര്യമാകുന്നു എന്നു നമുക്ക് ഓർക്കാം ക്രിസ്തു ചൊരിഞ്ഞ രക്തം എത്ര പൂർണ്ണതയുള്ളത് ! ദൈവം ക്രിസ്തു നിമിത്തം മൂലം പാപം ക്ഷമ നൽകുകയും അവന്റെ രക്തത്താൽ മായിക്കപ്പെട്ടിരിക്കുന്നതിനെ ഞങ്ങളുടെ പാപങ്ങളെല്ലാം മറന്നു കളയുകയും ചെയ്തിരിക്കുന്നു  എങ്കിൽ നിങ്ങളുടെ  മനസ്സാക്ഷി  നിങ്ങളെ കുറ്റപ്പെടുത്തുകയോ ചെയ്യുവാൻ നിങ്ങൾ അനുവദിക്കുന്നത് എന്തിന് ?  നമ്മുടെ പ്രിയ  രക്ഷകന്റെ  സമ്പൂർണ്ണമായ ആ  പ്രവർത്തി  അസ്തമയത്തോട്  അടുക്കുന്നു  ഇരിക്കുന്നതു  പോലെ അകറ്റിയിരിക്കുന്നു.]

[ദൈവം  പാപിയെ  ഒരിക്കലും  മറക്കുന്നില്ല.  അവന്റെ  പാപം  മാത്രമാണ്  മറക്കുന്നത്.

അൻസിൽ. സാജു

8 I



# മഴയൊരു വരം

***പൂജകൾ നടത്തിയിരുന്നു , ചില നാട്ടുകളിൽ ഇപ്പോഴും ഉണ്ട് ഇങ്ങനെ ചില ആചാരങ്ങൾ പ്രദേശിലെ ദൈവത്തിന്റെ അനുഗ്രഹമാണ് മഴ എന്നാണ് പണ്ടുള്ളവർ വിശ്വസിക്കുത് പണ്ടു കാലത്തു ഇന്ത്യയിൽ മഴപെയ്യാൻ ഹോമങ്ങളും പൂജകളും നടത്തിയിരുന്നു***

***ചിലനാട്ടുകളിൽ ഇപ്പോഴുമുണ്ട് അത്തരം ചില ആചാരങ്ങളും പൂജകളും, ആന്ധ്രാപ്രദേശിലെ ഉൾനാട്ടുകളിലൊക്കെയാണ് ആ ആചാരം ഇന്നും നിലനിൽക്കുന്നത് ആന്ധ്രാപ്രദേശിലെ മറ്റൊരു ആചാരമായ കാപ്പ തള്ളി . രണ്ടു പുരുഷൻമാർ മുൻപിലും പിറകിലു മായി പ്രത്യേക താളത്തിലാണ് നൃത്തം ചവിട്ടി മുന്നോട്ടു നീങ്ങുന്നത് ഇവർക്ക് നടുവിലായി ഒരു തവളയെയും കെട്ടിയിട്ടിരുന്നു ആവർ ഓരോ വീട്ടിലും കയറി അരി വാങ്ങി വേവിച്ച് ഗ്രാമത്തിലുള്ള എല്ലാവർക്കും വിതരണം ചെയ്യുന്നതോടെ വരുണദേവൻ പ്രസാദിക്കും എന്നാണ് വിശ്വാസം. നമ്മുടെ പഴമക്കാർ മഴയെ ദൈവത്തിന്റെ അനുഗ്രഹമായി വിശ്വസിച്ചതു പോലെ നമ്മളും മഴയെ സംരക്ഷിക്കുക. നമ്മുടെ ജീവിതത്തിലെപ്രധാന ഘടകങ്ങളിലൊന്നാണ് ജലം അതുകൊണ്ട് കൂട്ടുകാരെ ജലം അമൂല്യമണ് അത് പാഴാക്കരുത്***

***ശബരി ശങ്കർ 9 H***

# കുട്ടി കവിതകൾ

*തത്തമ്മേ*

*അന്തിവെയിൽ ചായും നേരം*

*നെൽക്കതിര് കൊത്താൻ പാടത്ത്*

*ചന്തമെഴും ചിറകുകൾ വീശി*

*തത്തമ്മെ നീ വന്നലോ*




*ആരെഴുതി*

*ആരാര് നിന്റെയീ കണ്ണെഴുതി ?*

*കുന്നിമണിയൊന്നു ചൊല്ല്*

*കരിവണ്ടാണെ പറന്നു വന്നു*

*എന്നുടെ കണ്ണിൽ മഷിയെഴുതി !*



*മയിലെ .........*

*ചേലേറും മയിലെ നിന്നുടെ*

*പീലിക്കെന്തൊരു ചന്തം*

*ആടുമ്പോൾ മയിലെ നിന്നുടെ*

*കുടെ ഞാനാടിക്കോട്ടെ*



*ജോജി ജേക്കബ്*

**6 F**

# അമ്മ




സ്നേഹമാണമ്മ കരുതലിൻ പര്യായമാണമ്മ

വിശ്വമാം ഭൂമിയെ ബന്ധപ്പെടുത്തിയതും അമ്മ തന്നെ

വിശാല മനസിൻ ഉടമയാണമ്മ നിഷ്കളങ്ക

സ്നേഹത്തിൻ ഉത്തമ മാതൃകയും അമ്മ

തൻ കരങ്ങളാൽ നമ്മെ സംരക്ഷിക്കുമ്പോൾ

ആ കരുതലിൽ കാണാം മാതൃത്വത്തിൻ മാധുര്യം

എന്നാൽ ഈ തലമുറ വിസ്മരിക്കുന്നു തൻ അമ്മയെ;
മറക്കുന്നു തൻ കർമങ്ങൾ

ഓർക്കുക മാർത്യാ! നീ വിസ്മരിക്കുന്നത് നിന്നെ പോറ്റു വളർത്തിയ

'പെറ്റമ്മയെ' എന്ന് !

ജുബൽ ബിജു

IX B




# എന്റെ തോട്ടം

തീപിടിച്ച പോലുള്ള വെയിലിൽ

വേർപ്പൊഴുക്കി ഞാൻ വിത്തു വിതച്ചാൽ

വാനത്തിന്റെ വലിയ വയലിൽ

വാർമുകിലതു കാണുവാനെത്തും

വേനൽ ചൂടിലനന്നെന്റെ പറമ്പിൽ

കേറാൻ കഴിഞ്ഞില്ല തെല്ലും

വാഴകളുടെ സമ്മതം വേണം

വായുവിന്നും വളപ്പിൽ കടക്കാൻ

പത്തുകൊട്ട വള്ളത്തിനതിന്റെ

പത്തിരട്ടി ഫലങ്ങളുമായി

മത്തകുമ്പളമെന്നിവയെല്ലാം

ഒത്തതായന്റെ  കാഷ്ക്കറിത്തോട്ടം


മൺകുടവുമായ് തോട്ടത്തിലെത്താൻ

എൻ കുടുംബിനി ചെറ്റു വൈകിച്ചാൽ

പോൻകുറിയിട്ട വെള്ളരി വള്ളി

സങ്കടത്താൽ തലതാഴത്തി നിൽക്കും

**ശബരി ശങ്കർ**
**IX H**



# എല്ല മുറിയെ പണി ചെയ്താൽ

മഴകൾ നമാരിനഞ്ഞെ- ചെറു

വയലുകളൊക്കെ നിറഞ്ഞെ,

പൂട്ടിയോരുക്കി പറഞ്ഞെ- ചെറു

ഞാറുകൾ കെട്ടിയെറിഞ്ഞെ

ഓമല, ചെന്തില, മാല ചെറു

കണ്ണമ്മ, കാളി കുറുമ്പി

വന്നു നിരവർ നിന്നെ- കെട്ടി

ഞാറെല്ലാം കെട്ടിപകുത്തെ

ഒപ്പത്തിൽ നാട്ടു കരേറാ- നവർ

കുത്തിയെടുത്തു കുനിഞ്ഞെ......

വൈശാഖ് .എ

IX.A



# ഒരു കുട്ടിയും ഓടക്കുഴലും

ഒരിടത്ത് ഒരു കുട്ടിയുണ്ടായിരുന്നു. ആ കുട്ടിയുടെ പേരാണ് ഉണ്ണി. ഉണ്ണിയുടെ അച്ഛനും അമ്മയ്ക്കും ഉണ്ണിയെ വളരെ അധികം സ്നേഹിച്ചിരുന്നു.ഒരിക്കൽ അവർ ചന്തയിൽ പോവുകയായിരുന്നു. പോകുന്ന വഴിയിൽ ഒരു വാഹനാപകടത്തിൽ പെട്ട് അമ്മ മരിച്ചു. അമ്മയുടെ മരണത്തിൽ ദു:ഖിതനായ അച്ഛൻമദ്യപാനത്തിലേക്ക് പോയി. അങ്ങനെ ദിവസേനയുള്ള മദ്യപാനത്തിലൂടെ അച്ഛൻ മരണപ്പെട്ടു. അതോടെ ഉണ്ണി അനാഥനായി.ആ ചെറിയ വീട്ടിൽ അവൻ തനിച്ചായി. അവന് പണമില്ലാത്തതിനാൽ ഭക്ഷണം പോലും കിട്ടിയിരുന്നില്ല. ഒറ്റയ്ക്കുള്ള ജീവിതം അവനെ ദു:ഖിതനാക്കി. വീടു വിട്ടിറങ്ങിയ അവൻതെരുവുകളിൽഭിക്ഷയാചിച്ചുനടക്കാൻ തുടങ്ങി. ക്ഷീണിതനായ അവൻ ഒരു ആലമരച്ചോട്ടിൽ ഇരിക്കുകയായിരുന്നു. അപ്പോഴാണ് അവൻ

ആ കാഴ്ച കണ്ടത്.ഒരാൾ ചവറുകൾ കൊണ്ട് നിക്ഷേപിക്കുന്നു. ആ ചവറുക്കൂനയ്ക്കിടയിൽ മനോഹരമായ ഒരു ഓടക്കുഴൽ. അവൻ ഓടിച്ചെന്നത് എടുത്തു. അപ്പോഴാണ് അവൻ ഒർത്തത്, അച്ഛൻ എവിടെ നിന്നോ ഓടക്കുഴൽകൊണ്ടു വന്ന് തന്നെ വായിച്ചു കേൾപ്പിച്ചത്. താൻ പഠിക്കാൻ അച്ഛൻ ഒരുപാട് കഷ്ടപ്പെട്ടിരുന്നു.അവൻ വായിക്കാൻ തുടങ്ങി. അതിന് അവന് കഴിഞ്ഞത് അച്ഛൻ പഠിപ്പിച്ച ആ ഓടക്കഴൽ നാദമാണ്. ഉണ്ണിയുടെ ഓടക്കുഴൽ നാദം ആ നാട് മുഴുവൻ കേൾക്കുകയുണ്ടായി. അത് കണ്ട് നാട്ടുകാർ അവന്ധനസഹായവും നൽകി. ക്രമേണയുള്ള ഒടക്കുഴൽ നാദത്തിലൂടെ അവൻ ലോകമറിയപ്പെടുന്ന ഒരു ഒടക്കുഴൽ കലാകാരനായി മാറി.

ഗൗരി. ജയകുമാർ

6D

# നന്ദി

അക്ഷരമലരുകൾ

കോർത്തിണക്കാൻ

സഹായിച്ച

ഏവർക്കും നന്ദിയുടെ

മലരുകൾ

അർപ്പിച്ച് കൊണ്ട്

നിർത്തട്ടെ......

നന്ദി... നന്ദി... നന്ദി....